**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2553** **02-08-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. പി . ഉബൈദുള്ള ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടികൾ എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടികൾ താമസ്സംവിനാ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഹയർ സെക്കൻഡറി വിദ്യാഭ്യാസം ആഗ്രഹിക്കുന്ന എല്ലാവർക്കും അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. |
| (സി) | മലപ്പുറം ജില്ലയിൽ നിലവിലെ പ്ലസ് വൺ സീറ്റുകളെക്കാൾ ഇരുപത്തി രണ്ടായിരത്തിൽ അധികം പേർ ഉപരിപഠനയോഗ്യത നേടിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ? | (സി) | 2020-21 അധ്യയന വർഷം മലപ്പുറം ജില്ലയിൽ നിന്ന് 75554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനം നേടുന്നുള്ളൂ. കഴിഞ്ഞ അധ്യയന വർഷം എസ്.എസ്.എൽ.സി. പാസ്സായ 77370 കുട്ടികളിൽ 52727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്. കൂടാതെ മലപ്പുറം ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിയ്ക്ക് 2790 സീറ്റുകൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ